(ബി) നിയമനാധികാരിയായ തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ടി തസ്തികയിൽ ഒഴിവുകൾ നിലവിലില്ല.

കുറ്റ്യാടി ഡയാലിസിസ് സെന്റർ

70 (762) <u>ശ്രീമതി. കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ ജനപങ്കാളിത്തത്തോടെ ആരംഭിച്ച ഡയാലിസിസ് കേന്ദ്രത്തിന് സർക്കാർ എന്തെല്ലാം സഹായങ്ങൾ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഡയാലിസിസ് സെന്ററിൽ ഇപ്പോൾ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ജനപങ്കാളിത്തത്തോടെ ആരംഭിച്ച ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനത്തിനായി (സ്നേഹസ്പർശം) ടി ആശുപത്രിയിൽ ഒഴിഞ്ഞുകിടന്ന കെട്ടിടം ഉപയോഗിക്കുന്നതിന് അനുവാദം നൽകുകയുണ്ടായി. ഇത് പൊതുജനനന്മ ലക്ഷ്യമാക്കിയിട്ടുള്ള പ്രവർത്തനമായതുകൊണ്ട് പ്രതിഫലം വാങ്ങാതെ ടി സംരംഭത്തിന്റെ കൺവീനറായി പ്രവർത്തിക്കുവാൻ ആശുപത്രി സൂപ്രണ്ടിനും ലേ സെക്രട്ടറിക്കും അനുവാദം നൽകിയിട്ടുണ്ട്. മാത്രമല്ല പ്രസ്തുത യൂണിറ്റ് പ്രവർത്തിക്കുവാൻ ആവശ്യമായ ജീവനക്കാരേയും അനുവദിച്ചുനൽകിയിട്ടുണ്ട്.

(ബി) നിലവിൽ 6 മെഷീനുകൾ ഉപയോഗിച്ച് 21 രോഗികൾക്ക് ഡയാലിസിസ് ചെയ്തുവരുന്നു.

(സി) ആഴ്ചയിൽ സബ്കമ്മിറ്റി ചേർന്നും മാസത്തിൽ ഒരു ഭരണസമിതിയും യോഗംചേർന്നും പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. രണ്ടാമത്തെ ഷിഫ്റ്റ് ആരംഭിച്ചതോടുകൂടി ഡയാലിസിസ് ചെയ്യുന്ന രോഗികളുടെ എണ്ണം 11-ൽ നിന്നും 21 ആയി വർദ്ധിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് കെട്ടിടത്തിന് പുറത്തും രോഗികളുടെ കൂട്ടിരിപ്പുകാർക്കും മറ്റുമായി മൂത്രപ്പുര, സ്ഥാപനത്തിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട് ചുറ്റുമതിൽ തുടങ്ങിയ വികസന പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly